# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2363 — 05.02.2018- ൽ മറുപടിക്ക്

## കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
'' സണ്ണി ജോസഫ്
'' വി.പി.സജീന്ദ്രൻ
'' കെ.എസ്.ശബരീനാഥൻ

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം സൂക്ഷ്മ സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണിസാധ്യത വർദ്ധിപ്പിക്കുന്നതിനും, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ബിസ്സിനസ്സ് ടു ബിസ്സിനസ്സ് ( ബി 2 ബി ) മീറ്റുകൾ, ഹോട്ടൽ ടെക്, ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ്, പ്രൊ ഫുഡ് പ്രൊ പാക്ക്, ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ, കേരള കൾച്ചറൽ ട്രേഡ് ഫെയർ, ആഹാർ തുടങ്ങിയ ദേശീയ/അന്തർദേശീയ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിലേക്കായി ഒരു കയറ്റുമതി നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ കരട് വാണിജ്യ നയത്തിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി നയം രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കയറ്റുമതി ലക്ഷ്യമാക്കിയുള്ള വ്യവസായങ്ങൾക്ക് ഉണർവ് നൽകുന്നതിനായി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും അതിനായി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ചത്. ഇത് 09.02.2017-ലെ GO(Rt)No 210/2017/ID പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം എയർ കാർഗോ വഴി കയറ്റുമതി ചെയ്ത പഴ വർഗ്ഗങ്ങൾക്കുള്ളിൽ | (ഡി) | തിരുവനന്തപുരം എയർ കാർഗോ ടെർമിനൽ വഴി നടക്കുന്ന 'എല്ലാ കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | കെറ്റമിൻ എന്ന മയക്കമരുന്നു കൂടി കയറ്റി അയച്ച സ്ഥാപനത്തിനെതിരെ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകുമോ ? | | സാധനങ്ങളുടെ ശാസ്ത്രീയമായ പരിശോധനയും നിയമനടപടികളും കൈക്കൊള്ളുന്നത് സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് & കസ്റ്റംസ് വിഭാഗമാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഇതിനാവശ്യമായ അടിസ്ഥാന സൗകര്യം നൽകുകയെന്ന പരിമിതമായ പങ്ക് മാത്രമേ വഹിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ